മലയാള മനോരമ
ESTABLISHED 1888
01 July 2020

## ഇവർ മുന്നിൽ (കേരളത്തിൽ 2019ൽ കിട്ടിയത്)




# വലയിൽ കുറവ്; വിലയിൽ കൂടുതൽ

**മനോരമ ലേഖിക**

കൊച്ചി● കേരളത്തിൽ മത്തിയുടെയും അയലയുടെയും ലഭ്യതയിൽ വൻ ഇടിവുണ്ടായതായി കണക്കുകൾ. 2019ൽസംസ്ഥാനത്തിന്റെ മൊത്ത മൽസ്യലഭ്യത മുൻവർഷത്തെക്കാൾ 15.4% കുറഞ്ഞു. സിഎംഎഫ്ആർഐയിലെ ഫിഷറീസ് റിസോഴ്സസ് അസസ്മെന്റ് വിഭാഗം തയാറാക്കിയ പഠനറിപ്പോർട്ടിലാണ് ഈ വിവരം.

അതേസമയം, കഴിഞ്ഞ വർഷം വിറ്റഴിക്കപ്പെട്ട മൽസ്യത്തിന്റെ സാമ്പത്തിക മൂല്യം കൂടിയെന്നാണു കണക്ക്. ലാൻഡിങ് സെന്ററുകളിൽ മീൻവില കിലോയ്ക്ക് 12.2% വർധിച്ച് 170.5 രൂപയും ചില്ലറ വ്യാപാരത്തിൽ 12% വർധിച്ച് 258 രൂപയും ലഭിച്ചു. ലാൻഡിങ് സെന്ററുകളിൽ 12,387 കോടി രൂപയുടെയും ചില്ലറ വ്യാപാരകേന്ദ്രങ്ങളിൽ 17,515 കോടിയുടെയും മീൻ വിറ്റു.

കേരളീയരുടെ ഇഷ്ടമൽസ്യമായ മത്തിയുടെ ലഭ്യത കഴിഞ്ഞ 2 ദശാബ്ദത്തിലെ ഏറ്റവും താഴ്ന്ന നിലയിലെത്തി- ലഭിച്ചത് 44,320 ടൺ. 2018ൽ ഇത് 77,093 ടൺ ആയിരുന്നു. സംസ്ഥാനത്ത് മത്തി 2012ൽ 3.9 ലക്ഷം ടൺ കിട്ടിയ ശേഷം, 2017ലൊഴികെ വർഷംതോറും കുറഞ്ഞുവരികയാണ്. സമുദ്ര ആവാസ വ്യവസ്ഥയിലെ മാറ്റമാണു പ്രശ്നം. അയല മുൻവർഷത്തെക്കാൾ 50% കുറഞ്ഞു. ലഭിച്ചത് 40,554 ടൺ. 2018ൽ ഏറ്റവും കൂടുതൽ കിട്ടിയ മീനാണ് അയല.

രാജ്യത്തെ സമുദ്ര മൽസ്യോൽപാദനത്തിൽ കേരളം മൂന്നാം സ്ഥാനം നിലനിർത്തിയതായി സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അറിയിച്ചു. കഴിഞ്ഞ 6 വർഷമായി ഒന്നാം സ്ഥാനത്തു നിന്ന ഗുജറാത്തിനെ മറികടന്നു തമിഴ്നാട് ഒന്നാമതെത്തി. ആകെ മൽസ്യലഭ്യതയിൽ 21.7% തമിഴ്നാട്ടിൽ നിന്നാണ്. കേരളത്തിന്റെ സംഭാവന 15.3%.

രാജ്യത്തെ മൊത്തം സമുദ്ര മൽസ്യോൽപാദനം 2.1% കൂടി. ആകെ കിട്ടിയത് 35.6 ലക്ഷം ടൺ. വിപണിയിൽ ആവശ്യക്കാരില്ലാത്ത ക്ലാത്തിയാണ് ദേശീയതലത്തിൽ ഏറ്റവുമധികം കിട്ടിയത്. മൽസ്യത്തീറ്റ ആവശ്യങ്ങൾക്കാണിത് ഉപയോഗിക്കുന്നത്.

കഴിഞ്ഞ വർഷത്തെ 8 ചുഴലിക്കാറ്റുകൾ മത്സ്യബന്ധന ദിനങ്ങൾ കുറച്ചു.

### ലോക്ഡൗണിൽ നഷ്ടം

ലോക്ഡൗൺ നിലനിന്ന 60 ദിവസത്തിൽ കേരളത്തിന്റെ സമുദ്ര മൽസ്യമേഖലയിൽ കണക്കാക്കുന്ന നഷ്ടം 3,481 കോടി രൂപ. ദേശീയതലത്തിൽ 40 ദിവസത്തിൽ 11,652 കോടി രൂപയുടെ നഷ്ടവും സിഎംഎഫ്ആർഐ കണക്കാക്കുന്നു.

കയറ്റുമതി, സംസ്കരണ മേഖലയിലെ നഷ്ടം കൂടാതെയാണിത്.